**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 378** **29-10-2021 - ൽ മറുപടിയ്ക്ക്**

**സിനിമ വ്യവസായത്തെ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സിനിമ വ്യവസായത്തെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സിനിമാ വ്യവസായത്തെ സംരക്ഷിക്കുന്നതിനായി കിഫ്ബിയുടെ ധനസഹായത്തോടെ റിലീസ് ചിത്രങ്ങൾ ഉൾപ്പെടെ പ്രദർശനത്തിനായി 100 കോടി രൂപ മുതൽ മുടക്കി അനുയോജ്യമായ സ്ഥലങ്ങളിൽ തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി കായംകുളം, അളഗപ്പ നഗർ, പയ്യന്നൂർ എന്നിവിടങ്ങളിലെ തിയേറ്റർ സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. വൈക്കം, പായം, കാക്കനാട്, പേരാമ്പ്ര, താനൂർ എന്നിവിടങ്ങളിൽ തിയേറ്ററുകൾ നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോ കിഫ്ബിയുടെ ധനസഹായത്തോടെ അത്യാധുനിക സൗകര്യങ്ങളോടെ ആകെ 150 കോടി രൂപ എസ്റ്റിമേറ്റിൽ ആധുനിക വൽക്കരിക്കുന്ന പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ച കഴിഞ്ഞു. ഈ പ്രോജക്റ്റിന്റെ പൂർത്തീകരണത്തോടെ സിനിമാ നിർമ്മാതാക്കൾക്ക് സിനിമാ മേഖലയിൽ ഇന്നുള്ള നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ചിത്രങ്ങൾ നിർമ്മിക്കുവാൻ സാധിക്കും. കൂടാതെ ചിത്രാഞ്ജലി പാക്കേജിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് 5 ലക്ഷം രൂപ വരെ വ്യവസ്ഥകൾക്കു വിധേയമായി സബ്സിഡി യായി ഇപ്പോൾ നൽകിവരുന്നുണ്ട്. 2019-20 ബഡ്ജറ്റിൽ വനിതാ സംവിധായകരെ പ്രോൽസാഹിപ്പിക്കുന്നതിനായി രണ്ടു ചലച്ചിത്രങ്ങളുടെ നിർമ്മാണം കെ.എസ്.എഫ്.ഡി.സി. യുടെ നേതൃത്വത്തിൽ പൂർത്തീകരിച്ച് പ്രദർശന ത്തിന് തയ്യാറാക്കിയിട്ടുണ്ട്. 2020-21-ലും 2021-22-ലും വനിതാ സംവിധായകരുടേയും പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള സംവിധായകരുടേയും രണ്ടു |

ചലച്ചിത്രങ്ങൾ വീതം നിർമ്മിക്കുന്ന പദ്ധതി പുരോഗമിച്ചു വരുന്നു. ഇതിനായി ഒരു ചിത്രത്തിന് 1.50 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്. തിയേറ്റർ റിലീസിംഗിനു ശേഷവും നിർമ്മാതാക്കൾക്ക് തുടർ വരുമാനം ലഭിക്കുന്നതിനായി ഡിജിറ്റൽ റിലീസിംഗിനുള്ള സാങ്കേതിക രൂപമായ ഒ.ടി.ടി. പ്ലാറ്റ് ഫോം സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സർക്കാർ ധനസഹായത്തോടെ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള അന്താരാഷ്ട്ര ചലച്ചിത്രമേളയിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന മലയാള ചിത്രങ്ങൾക്ക് ചലച്ചിത്ര അക്കാദമി ഗ്രാൻറ് നൽകുന്നുണ്ട്. റിലീസ് ചെയ്യാത്ത സിനിമകൾക്ക് 3 ലക്ഷം രൂപയും റിലീസ് ചെയ്ത സിനിമകൾക്ക് രണ്ടു ലക്ഷം രൂപയും സാമ്പത്തിക സഹായം നൽകിവരുന്നു. 14 സിനിമകൾക്കാണ് ഇത്തരത്തിൽ ഗ്രാന്റ് നൽകുന്നത്. കോവിഡ് 19-ന്റെ വ്യാപനം തടയുന്നതിനായി ലോക്ക്ഡൗൺ ഏർപ്പെടുത്തിയതുമൂലമുള്ള സിനിമാ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി സിനിമാ തീയേറ്ററുകൾക്കുള്ള വിനോദ നികുതി 2021 മാർച്ച് 31 വരെ ഒഴിവാക്കിക്കൊണ്ട് 22.06.2021 തീയതിയിലെ സ.ഉ.(സാധാ) നം.1195/2021/ ത.സ്വ.ഭ.വ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. കോവിഡ് അനുബന്ധ ലോക്ഡൗണുകൾ പരിഗണിച്ചുകൊണ്ട് സിനിമാ തീയേറ്ററുകൾ ഉൾപ്പെടെയുള്ളവർക്ക് 2020 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജ് / ഡിമാൻഡ് ചാർജ്ജിൽ 25% ഇളവ് അനുവദിക്കുകയും, ബാക്കിയുള്ള തുക (75%) പലിശ രഹിതമായി അടയ്ക്കുന്നതിന് 15.12.2020 വരെ സാവകാശം നൽകുകയും ചെയ്തിരുന്നു. ഇപ്രകാരം 1.04 കോടി രൂപയുടെ ഇളവ് ഫിക്സഡ് ചാർജ്ജിലും ബാക്കി തുകയായ 3.12 കോടി രൂപ പലിശ രഹിതമായി അടക്കുന്നതിന് 15.12.2020 വരെ സിനിമ തിയേറ്ററുകൾക്ക് സാവകാശവും നൽകിയിരുന്നു. പിന്നീട് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ ഡിമാൻഡ് ചാർജ്ജിൽ നൽകിയ 25% ഇളവുകൾ, 50% ആയി ഉയർത്തി നൽകുകയുണ്ടായി. തുടർന്ന് 2020- ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഫിക്സഡ് /ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും നൽകിയിരുന്നു. ഇളവ് കഴിച്ചുള്ള തുക അടക്കുന്നതിന് 6 തുല്യമാസ തവണകൾ അനുവദിക്കുകയും ചെയ്തിരുന്നു. എൽ.റ്റി വിഭാഗത്തിൽ 371 സിനിമാ തീയേറ്ററുകൾക്കും എച്ച്.റ്റി. വിഭാഗത്തിൽ 113 തീയേറ്ററുകൾക്കുമായി

| | | | |
|---|---|---|---|
| | | | 3.28 കോടി രൂപയുടെ ഇളവുകളാണ് നൽകിയത്. സംസ്ഥാനത്തെ മറ്റേതൊരു മേഖലകളെക്കാളും വൈദ്യുതി ചാർജ്ജിനത്തിൽ കൂടുതലായി ഇളവുകൾ ലഭ്യമായത് സിനിമാ തീയേറ്ററുകൾക്കാണ്. സിനിമാ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് സർക്കാർ പ്രാധാന്യം നൽകി നടപടികൾ സ്വീകരിച്ചുവരികയാണ്. സിനിമാ തീയേറ്ററുകൾ 25.10.2021 മുതൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് മുന്നോടിയായുള്ള പ്രവർത്തനങ്ങളെപ്പറ്റി ആലോചിക്കുന്നതി നായി സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.10.2021-ന് വിവിധ സിനിമാ സംഘടനാ പ്രതിനിധികളുമായി ചർച്ച നടക്കുയുണ്ടായി. പ്രസ്തുത ചർച്ചയിൽ സിനിമാ മേഖലയിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങളായ വിനോദനികുതി ഇളവ്, വൈദ്യുതി ചാർജ്ജ് ഇളവ്, കെട്ടിട നികുതി ഇളവ്, കൂടുതൽ പ്രേക്ഷകരെ പ്രവേശിപ്പിക്കാനുള്ള അനുവാദം, അധിക സർവ്വീസ് ചാർജ്ജ് തുടങ്ങിയ ആവശ്യങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് വരികയാണ്. സംസ്ഥാനത്തെ ഒരു ഷൂട്ടിംഗ് സൗഹൃദ പ്രദേശമാക്കുന്നതിനും സിനിമാ ഷൂട്ടിംഗ് സംബന്ധമായ അനുമതികൾക്ക് സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ പരിഗണിച്ചു വരികയാണ്. |
| (ബി) | സിനിമ വ്യവസായത്തിലേക്ക് പുതു തലമുറയെ ആകർഷിക്കാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | സിനിമാ വ്യവസായത്തിലേക്ക് പുതുതലമുറയെ ആകർഷിക്കാൻ ഒരു സിനിമയ്ക്ക് 1.50 കോടി രൂപ വീതം ചെലവഴിച്ചുകൊണ്ട് വനിതാ സംവിധായകരുടെ രണ്ട് ഫീച്ചർ ഫിലിമുകളും പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നുള്ള സംവിധായകരുടെ രണ്ട് ഫീച്ചർ ഫിലിമുകളും നിർമ്മിക്കുന്നതിനായി 2020-21, 2021-22 വർഷങ്ങളിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ നിർവ്വഹണം കെ.എസ്.എഫ്.ഡി.സി. യെ ഏല്പിക്കുകയും, അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയുമാണ്. കൂടാതെ സിനിമാ നിർമ്മാണത്തിന് നല്കി വരുന്ന 5 ലക്ഷം രൂപയുടെ സബ്സിഡി സ്കീം ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണത്തോടുകൂടി കൂടുതൽ ആകർഷണീയമാക്കുന്നതാണ്. ഇന്റർ നാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന മലയാള സിനിമകളിൽ നവാഗത സംവിധായകരുടെ ചിത്രങ്ങൾക്ക് പ്രത്യേക പരിഗണന നൽകിവരുന്നു. തെരഞ്ഞെടുക്കുന്ന 14 ചിത്രങ്ങളിൽ ആറ് ചിത്രങ്ങൾ നവാഗത സംവിധായകരുടേതായിരിക്കണമെന്ന് |

| | | | |
|---|---|---|---|
| | | | നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാന ചലച്ചിത്ര അവാർഡിൽ നവാഗത സംവിധായകർക്ക് പ്രത്യേക അവാർഡ് നൽകിവരുന്നു. യുവസംവിധായകരുടെ ആവിഷ്കാരങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള വേദി എന്ന നിലയിൽ ഇന്റർനാഷണൽ ഡോക്യുമെന്ററി ആൻഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയിൽ ക്യാമ്പസ് ചിത്രങ്ങൾക്ക് പ്രത്യേക വിഭാഗം ഉണ്ട്. യുവചലച്ചിത്ര പ്രവർത്തകർക്ക് ഈ രംഗത്തേക്കു കടന്നുവരാൻ പ്രചോദന മാവുന്ന ഐ.എഫ്.എഫ്.കെയിൽ വിദ്യാർത്ഥി കൾക്ക് ഡെലിഗേറ്റ് ഫീസ് ഇനത്തിൽ ഇളവു നൽകിവരുന്നു. |
| (സി) | സിനിമ ഷൂട്ടിങ്ങിനും അനുബന്ധ ജോലികൾക്കും ആധുനിക സ്റ്റുഡിയോകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സിനിമാ ഷൂട്ടിംഗിനും അനുബന്ധ ജോലികൾക്കുമായി സംസ്ഥാന സർക്കാരിന്റെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചിത്രാഞ്ജലി സ്റ്റുഡിയോ അത്യാധുനിക സൗകര്യങ്ങളോടെ നവീകരിക്കുകയാണ്. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഡിജിറ്റൽ യുഗത്തിലെ പ്രീ-പ്രൊഡക്ഷൻ, പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ സൗകര്യങ്ങൾ ഉൾപ്പെടെ എല്ലാ ആധുനിക സാങ്കേതിക സൗകര്യങ്ങളും ഉൾപ്പെടുത്തി 67.167 കോടി രൂപ ചെലവിൽ നടപ്പിലാക്കുവാൻ അനുമതി നല്കിയിട്ടുണ്ട്. കൂടാതെ വാതിൽപ്പുറ ചിത്രീകരണത്തിനുള്ള, ആരാധനാലയങ്ങൾ, പോലീസ് സ്റ്റേഷൻ, എന്നിവ ഉൾപ്പെടെയുള്ള സെറ്റുകൾ, ആധുനിക ക്യാമറകൾ (ALEXA LF and Mini LF, Sony Venice), ലൈറ്റുകൾ (ARRI Lights, LED Skypanel, DIDO, JOKERM Portable Lights) Panther Dolly, Cranes ഡോൾബി അറ്റ്മോസ് മിക്സ് തീയേറ്റർ, സിങ്ക് സൗണ്ട് എക്യുപ്മെന്റ്സ്, ഫോളി സ്യൂട്ട്, ഡബ്ബിംഗ് സ്യൂട്ടുകൾ, ഒ.റ്റി.റ്റി പ്ലാറ്റ്ഫോമുകൾക്ക് അനുയോജ്യമായ മീഡിയാ പോസ്റ്റ് പ്രൊഡക്ഷൻ സംവിധാനം, എഡിറ്റ് സ്യൂട്ടുകൾ, ബേസ് ലൈറ്റ് ക്ലാസ്സിക് പാനൽ, ഡാവിഞ്ചി കളർ ഗ്രേഡിംഗ് സ്യൂട്ടുകൾ, പ്രോപ്പർട്ടി സ്റ്റോർ, ഇലക്ട്രോണിക്സ് വർക്ക്ഷോപ്പ് ബിൽഡിംഗ്, ഫിലിം ആർക്കൈവ്സ്, ലൈബ്രറീസ്, ഓഡിയോ & വീഡിയോ ലൈബ്രറി, ചലച്ചിത്ര വിതരണത്തിനുള്ള ഒ.റ്റി.റ്റി പ്ലാറ്റ്ഫോം സംവിധാനം തുടങ്ങി ലോകോത്തര നിലവാരത്തിലുള്ള ചലച്ചിത്ര നിർമ്മാണത്തിനുള്ള എല്ലാ സൗകര്യങ്ങളും സജ്ജമാക്കുന്നുണ്ട്. കൂടാതെ കൊച്ചി, കടവന്ത്രയിൽ ഒരു പോസ്റ്റ് പ്രൊഡക്ഷൻ സെന്റർ നിർമ്മാണത്തിനും അതിനാവശ്യമായ ഔട്ട് ഡോർ ഉപകരണങ്ങളുടെ സജ്ജീകരണത്തിനും അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ